**കിംവിദ്യയാ കിം തപസാ കിം ത്യാഗേന ശ്രുതേന വാ**
**കിം വിവിക്തേന മൌനേന സ്ത്രീഭിര്യസ്യ മനോ ഹൃതം (11-26-12)**
**സ്വാർത്ഥസ്യാകോവിദം ധിങ്മാം മൂർഖം പണ്ഡിത മാനിനം**
**യോƒഹമീശ്വരതാം പ്രാപ്യ സ്ത്രീഭിർഗ്ഗോഖരവജ്ജിത: (11-26-13)**
**കിമേതയാ നോƒപകൃതം രജ്ജ്വാ വാ സർപ്പചേതസ:**
**രജ്ജുസ്വരൂപാവിദുഷോ യോƒഹം യദജിതേന്ദ്രിയ: (11-26-17)**
**പിത്രോ കിം സ്വം നു ഭാര്യായാ: സ്വാമിനോƒഗ്നേ ശ്വഗൃധ്രയോ:**
**കിമാത്മന: കിം സുഹൃദാമിതി യോ നാവസീയതേ (11-26-19)**

*ഭഗവാൻ കൃഷ്ണൻ തുടർന്നു:*

എന്നിൽ ഭക്തനായുള്ള ഒരു ജ്ഞാനി എന്നിൽ നിന്നും "പുറത്തേക്ക് പോവുകയില്ല". അയാൾക്ക് മായാമൂടുപടം മാറ്റാനുള്ള അറിവും വസ്തുവകകളിലുള്ള ആസക്തിയും സുഖാന്വേഷണബോധവും വെറും പൊള്ളയാണെന്ന അറിവുണ്ടായിരിക്കും. അപ്രകാരമുള്ള ഭക്തിയുണ്ടാക്കിയെടുക്കാൻ ശ്രമിക്കുന്നവർ സത്രീകളുടെയും ഇന്ദ്രിയസുഖാന്വേഷികളുടെയും സംഗം ഉപേക്ഷിക്കേണ്ടതാണ്. കാരണം, അവർ സത്യത്തെ മറയ്ക്കുന്ന ഇരുട്ടാണ്. അവരോടു കൂട്ടുചേരുന്നവരേക്കൂടി അവർ അന്ധതയിലാഴ്ത്തുന്നു. നിങ്ങൾക്കറിയാം പുരൂരവസ്സ് ഊർവ്വശിയുമായി ജീവിച്ച കഥ. ഊർവ്വശി പുരൂരവസ്സിനെ ഉപേക്ഷിച്ചു പോയിക്കഴിഞ്ഞപ്പോൾ അവളെ തിരിച്ചു കിട്ടാൻ അയാൾ ഓടിയലഞ്ഞു നടന്നു. "നീൽക്കൂ ഒരു നിമിഷം നിൽക്കൂ", എന്നു പറഞ്ഞ് നഗ്നനായി അയാൾ അവൾക്കു പിറകേ ഓടിച്ചെന്നു. അവസാനം ഹതാശനായി സ്വയം ഇങ്ങിനെ പറഞ്ഞു: "ഭയങ്കരവും ശക്തിമത്തുമാണീ മതിഭ്രമം. അതിൻെറ സ്വാധീനത്തിൽപ്പെട്ട് ഞാൻ വർഷങ്ങൾ വൃഥാവിലാക്കി. എൻെറ ജീവിതത്തിൻെറ നല്ലൊരുകാലം അറിയാതെ കടന്നുപോയി. എന്നെ നോക്കൂ. വലിയ ചക്രവർത്തിയും പ്രതാപവാനുമാണെങ്കിലും ഞാൻ ഒരു സ്ത്രീക്കു പിറകേ നഗ്നനായി ഭ്രാന്തുപിടിച്ചു നടന്നു. വിരക്തി, സന്യാസം, വൈദീകപഠനം, മൗനം ഇവകൊണ്ടൊക്കെ സ്ത്രീക്കടിമപ്പെട്ട ഹൃദയമുള്ളവന് എന്താണു പ്രയോജനം? എൻെറ അവസ്ഥ പരിതാപകരം തന്നെ. എൻെറ ശരിയായ താത്പര്യങ്ങളെപ്പറ്റി എനിക്കറിയില്ല. ഞാൻ സ്വയം പഠിച്ചവനും വിവേകിയുമാണെന്നഭിമാനിക്കുന്നു. എന്നാൽ ഞാനൊരു പടുവിഡ്ഢി. ഞാൻ പലേ ശക്തികളും ആർജ്ജിച്ചിട്ടുണ്ടെങ്കിലും സ്ത്രീയാൽ പരാജിതനത്രെ. ഇത്രകാലത്തെ ആസ്വാദനത്തിനുശേഷവും എൻെറ സുഖാന്വോഷണത്വര മാറിയിട്ടില്ല. ഇന്ദ്രിയാസ്വാദനത്വര കൂടിയിട്ടേയുള്ളു. ഭഗവാനുമാത്രമേ എന്നെ ഈ നരകത്തിൽ നിന്നു കരകയറ്റുവാൻ കഴിയൂ. ഒരു സ്ത്രീയെ കുറ്റപ്പെടുത്തുന്നതിൽ എന്താണു കാര്യം? കയറിൻെറ കുഴപ്പമാണോ ഒരുവൻ അതിനെ പാമ്പായി കാണുന്നത്? മനുഷ്യൻെറ ആസക്തി തന്നെയാണ് അവൻെറ പതനത്തിനു കാരണം."

"എല്ലാം ഈ ശരീരത്തിനുവേണ്ടി എന്നാണെങ്കിൽ, ആരുടേതാണീ ശരീരം? ആർക്കറിയാം? ഇത് അച്ഛനമ്മമാർക്ക് സ്വന്തമാണോ? ഭാര്യക്കോ? തൊഴിലുടമയ്ക്കോ? അഗ്നിക്കോ? നായക്കോ? കഴുകനോ? ആത്മാവിനോ? സുഹൃത്തുക്കൾക്കോ? ആർക്കറിയാം? ശരീരത്തെ താനെന്നു കരുതി മനുഷ്യൻ ഇന്ദ്രിയങ്ങൾക്ക് സുഖസംവേദനത്തിനുതകുന്ന വസ്തുവകകൾ അന്വേഷിക്കുന്നു. ഇന്ദ്രിയലാളനാക്ഷമമായ വസ്തുക്കളോട് മനസ്സു തിരിക്കാതിരിക്കുമ്പോൾ അതു ശാന്തമാവുന്നു. എന്നാൽ അറിവുള്ളവൻ മന്സ്സിനെയും ഇന്ദ്രിയങ്ങളെയും വിശ്വസിക്കരുത്. അയാൾ സ്ത്രീകളെയും സ്ത്രീകളെ ഇഷ്ടപ്പെടുന്നവരേയും അവഗണിക്കണം." എന്നിങ്ങിനെ തീരുമാനമെടുത്ത് പുരൂരവസ്സ് ഹൃദയം എന്നിലുറപ്പിച്ച് എന്നെ പ്രാപിച്ചു. അറിവുള്ളവൻ എല്ലാവിധ ദുഷ്ടസംഗവും ഉപേക്ഷിച്ച് ഭക്തരുടെയും മഹർഷിമാരുടെയും സത്സംഗം തേടണം. കാരണം, അവരുമായുള്ള സഹവാസം, സംസാരസാഗരം കടക്കുവാനുള്ള തോണിയത്രെ. ജീവികൾക്ക് ആഹാരം അവശ്യം. കഷ്ടത അനുഭവിക്കുന്നവർക്ക് ഏകാശ്രയം ഞാനാകുന്നു. മനുഷ്യൻെറ ഏക സമ്പത്ത് ധർമ്മം. എന്നാൽ മോക്ഷമാഗ്രഹിക്കുന്നവർക്കുള്ള ഏക ആശ്രയം സാത്വീകരുമായുള്ള സംഗം മാത്രമത്രെ.